# 15

# പ്രബോധനങ്ങൾ

# കൊലൊസ്യർ 4:2- 6

ക്രിസ്ത്യാനികളുടെ വ്യക്തിപരമായ പെരുമാറ്റത്തെ കുറിച്ച് പറഞ്ഞ ശേഷം (3:5–17) പൗലൊസ് സഭയിലെ വിവിധകൂട്ടങ്ങളോട് നിർദ്ദേശിച്ചിരിക്കുന്നു (3:18–4:1). അടുത്തതായി, കൊലൊസ്യ ഇടവകയെ മുഴുവനായും സംബോധന ചെയ്തിരിക്കുന്നു. അവന്റെ ഉപസംഹാര പ്രസ്താവനകളെ കുറിച്ച് രണ്ട് പാഠങ്ങൾ എടുക്കാവുന്നതാണ്: പ്രാർത്ഥന (4:2–4), ക്രിസ്തുവിനു വേണ്ടിയുള്ള പ്രത്യേക സേവനം, നഷ്ടപ്പെട്ടവരെ അവങ്കലേക്ക് നയിക്കൽ തുടങ്ങിയ ക്രിയാത്മകമായ പ്രവൃത്തികളിൽ (4:5, 6), ക്രിസ്ത്യാനികൾ പങ്കെടുത്തു പരിശീലിക്കണം.

### പ്രത്യേകമായി, പൗലൊസിനു വേണ്ടി പ്രാർത്ഥിക്കുക (4:2-4)

**2പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ. 3എനിക്ക് ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നു തരികയും 4ഞാൻ സംസാരിക്കേണ്ടും വണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ.**

#### "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ" (4:2)

അവന്റെ പല ലേഖനങ്ങളുടേയും അവസാനം, പൗലൊസ്, തന്റെ വായനക്കാരോട് പ്രാർത്ഥനക്ക് സമയം ചെലവിടുവാനും,[1] തനിക്കു വേണ്ടി പ്രാർത്ഥിക്കുവാനും അപേക്ഷിച്ചിരുന്നു.[2] കൊലൊസ്യരോട് അവൻ പറഞ്ഞു, **നിങ്ങൾ പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ** [*പ്രോസ്കാർടെരെയോ*] തുടർച്ചയായി, പ്രാർത്ഥിക്കുന്നതുമായി ബന്ധപ്പെട്ടാണ് *പ്രോസ്കാർടെരെയോ* പറഞ്ഞിരിക്കുന്നത് (പ്രവൃ. 1:14; 2:42; 6:4; റോമർ. 12:12 നോക്കുക) അല്ലെങ്കിൽ മറ്റു പ്രവൃത്തികളിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട് (മർ. 3:9; പ്രവൃ. 2:46; 8:13; 10:7; റോമർ 13:6 നോക്കുക). മടുത്തുപോകയോ, വിട്ടുകളയുകയോ ചെയ്യാതെ ഇടവിടാതെ പ്രാർത്ഥിക്കുവാനാണ് യേശു പഠിപ്പിച്ചത് (ലൂക്കൊ. 11:5–13; 18:1–8).

"പ്രാർത്ഥന" എന്ന വാക്ക് (*പ്രോസൂക്കേ*) സ്തോത്രത്തേക്കാൾ അധികം യാചനക്കായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് (മർ. 9:29; 12:5; റോമർ. 1:10; 15:30; യാക്കൊ. 5:17). തനിക്കും തന്റെ കൂടെയുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് കൊലൊസ്യരോട് പറഞ്ഞു. പ്രാർത്ഥന തുടരുവാനും തനിക്കു വേണ്ടിയും പ്രാർത്ഥിപ്പാനും മറ്റു ലേഖനങ്ങളിലും അവൻ ആവശ്യപ്പെടുകയുണ്ടായി (എഫെ. 6:18–20; 1 തെസ്സ. 5:17, 25). അന്യോന്യമുള്ള പ്രാർത്ഥനയുടെ പ്രാധാന്യം അവൻ പരിഗണിക്കുകയും, അവൻ തുടർച്ചയായി

മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുകയും തനിക്കായി പ്രാർത്ഥിക്കുവാൻ മറ്റുള്ളവരോട് അപേക്ഷിക്കുകയും ചെയ്തു.

### "സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" (4:2)

കൊലൊസ്യർ ഉണർന്നു, സൂക്ഷിച്ച് ജാഗരിക്കണമായിരുന്നു (*ഗ്രിഗോറിയോ*). താൻ മടങ്ങി വരുന്നതിനായി സൂക്ഷിച്ച് ഒരുങ്ങിയിരിപ്പാൻ യേശു അപേക്ഷിച്ചിരുന്നു (മത്താ. 24:42; 25:13; ലൂക്കൊ. 12:37, 39). പരീക്ഷണത്തിലോ, ദുഷ്ടതയിലോ അവർ അകപ്പെടാതിരിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത് (1 കൊ. 16:13; 1 തെസ്സ. 5:6), അല്ലെങ്കിൽ ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്താൽ വഴിതെറ്റിപ്പോകാതിരിപ്പാനും ആഗ്രഹിച്ചു (പ്രവൃ. 20:31).[3] ഗെത്ത്ശമെനാ തോട്ടത്തിൽ വെച്ച് യേശു പത്രൊസിനേയും, യാക്കൊബിനേയും, യോഹന്നാനേയും പ്രബോധിപ്പിച്ചു, "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ ..." (മത്താ. 26:41).

അപകടം പതിയിരിക്കുന്നതിനാലാണ് എപ്പോഴും ഉണർന്നിരിക്കുവാൻ പറഞ്ഞത്. നന്മയുടെ എതിരാളിയായ പിശാച് തിരക്കുള്ളവനായി ഭോഷ്ക്കും വഞ്ചനയും പ്രവർത്തിക്കുകയാണ് (യോഹ. 8:44; 2 കൊ. 2:11; 11:3). സാമ്പത്തികമായും, വിനോദപരമായും, സാമൂഹ്യപരമായും, ശാരീരികമായും, ഉപദേശപരമായും, ധാർമ്മികപരമായും, ആത്മികമായും ആപൽക്കരമായ പരീക്ഷണങ്ങളായിരിക്കും സാത്താൻ കൊണ്ടു വരുന്നത്. അവനെതിരായുള്ള പോരാട്ടത്തിൽ ഒരു സമയത്തുപോലും നമുക്ക് നമ്മുടെ പ്രതിരോധം നിർത്തിവെക്കാവുന്നതല്ല. സംരക്ഷണത്തിനായി ക്രിസ്ത്യാനികൾക്ക് ദൈവം ആത്മിയമായ ആയുധം നൽകിയിരിക്കുകയാണ്, പക്ഷെ ശക്തിയോടുകൂടെ പോരാടുവാൻ പ്രാർത്ഥനയോടുകൂടെ നാം ആ ആയുധം ധരിക്കണം (എഫെ. 6:10–18).

**അതിൽ** ജാഗരിപ്പിൻ (*എൻ അവുട്ടേ*), എന്ന് പൗലൊസ് പറഞ്ഞപ്പോൾ അവൻ പ്രാർത്ഥിക്കുവാനാണ് പറഞ്ഞത്. കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായി, മയങ്ങി ഉറങ്ങിയാൽ പിശാച് അവരെ കീഴ്പ്പെടുത്തുവാൻ അനുവദിക്കുകയാണ്.

നന്ദിയുള്ളവരായി, സ്തോത്രം ചെയ്യുവിൻ എന്നിങ്ങനെ പൗലൊസ് ഏഴാം പ്രാവശ്യമാണ് കൊലൊസ്യ ലേഖനത്തിൽ പറയുന്നത് (1:3, 12; 2:7; 3:15, 16, 17). അവൻ പലപ്പോഴും **നന്ദിയുള്ള മനോഭാവം** പ്രാർത്ഥനയോടുകൂടെ ഉണ്ടായിരിക്കണം എന്നു പറഞ്ഞിട്ടുണ്ട്.

### "ദൈവം വചനത്തിന്റെ വാതിൽ തുറന്നു തരേണ്ടതിനും ഞങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിപ്പിൻ" (4:3)

തനിക്കും തന്റ കൂട്ടുകാർക്കും വേണ്ടി തുടർച്ചയായി കൊലൊസ്യർ പ്രാർത്ഥിക്കുവാൻ പൗലൊസ് ആഗ്രഹിച്ചതിനാലാണ് **പ്രാർഥന** വർത്തമാന കാലത്തിൽ തുടർച്ച സൂചിപ്പിക്കുന്നത്. പ്രസാധകാർത്ഥത്തിൽ "എനിക്ക്" എന്നതിനു പകരം **ഞങ്ങൾക്ക്** എന്നു പറഞ്ഞതാകാം. കാരണം അവൻ തുടർച്ചയായി പറയുന്നത്, സഹോദരന്മാർ പ്രാർത്ഥിക്കേണ്ടത് "ഞങ്ങൾ പ്രാഗത്ഭ്യ

ത്തോടെ സംസാരിക്കേണ്ടതിന്ന്" (വാ. 3), "അത് വെളിപ്പെടുത്തേണ്ടതിന്നും" (വാ. 4). തന്റെ കൂടെയുള്ളവരും ഉപദേശിച്ചുകൊണ്ടിരുന്നതിനാലായിരിക്കാം അവർക്കു വേണ്ടിയും പ്രാർത്ഥിക്കണം എന്നു പറഞ്ഞത്. അങ്ങനെയെങ്കിൽ വാക്യം 3 ൽ അവരെ ഉൾപ്പെടുത്തിയിട്ട്, വാക്യം 4 ൽ അവനു വേണ്ടി പ്രാർത്ഥിക്കുവാനും ആവശ്യപ്പെട്ടിരിക്കാം.

പ്രാർത്ഥിക്കുവാൻ മാത്രമായിരുന്നില്ല പൗലൊസ് കൊലൊസ്യരോട് ആവശ്യപ്പെട്ടത്, മറിച്ച് എന്തെല്ലാം കാര്യങ്ങൾക്കു വേണ്ടി എന്നു കൂടെ അവൻ വെളിപ്പെടുത്തി. തന്നെ തടവിൽനിന്നു മോചിപ്പിക്കുവാൻ പ്രാർത്ഥിക്കണം എന്ന് അവൻ ആവശ്യപ്പെട്ടിരുന്നില്ല, എന്നാൽ ദൈവവചനം സംസാരിക്കുവാൻ സുവിശേഷത്തിന്റെ വാതിൽ തുറന്നു തരേണ്ടതിന്നു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. ഈ അലങ്കാരം അവൻ മറ്റു വേദഭാഗങ്ങളിലും ഉപയോഗിച്ചിരിക്കുന്നു (1 കൊ. 16:9; 2 കൊ. 2:12). വചനം പ്രസംഗിക്കുവാനുള്ള അവസരത്തിനു വേണ്ടിയായിരുന്നു പൗലൊസ് "തുറന്ന പ്രാർത്ഥന" ആവശ്യപ്പെട്ടത്. അത് ഒരു വീട്ടുടമസ്ഥൻ അപരിചിതന്നു വീടിന്റെ വാതിൽ തുറന്നുകൊടുക്കുന്നതുപോലെയാണ്. വിവിധ സ്ഥലങ്ങളിലെ യെഹൂദന്മാരും ജാതികളും സുവിശേഷപ്രസംഗത്തിന് പൗലൊസ് ശ്രമിച്ചപ്പോൾ വാതിലുകൾ അടെക്കപ്പെട്ടിരുന്നു (പ്രവൃ. 13:50; 14:5, 6; 17:10, 13; 1 തെസ്സ. 2:14–16). എങ്ങനെയായാലും, പൗലൊസ് കൂലിക്ക് താമസിച്ച വീട്ടിൽ "തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും, കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചു ഉപദേശിച്ചും പോന്നു" എന്നു ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 28:30, 31). പൗലൊസ് ഫിലിപ്പിയർക്ക് എഴുതി,

> സഹോദരന്മാരേ എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു എന്ന് നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ഇഛിക്കുന്നു. എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തം ആകുന്നു എന്ന് അകമ്പടിപട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ട് ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു (ഫിലി. 1:12–14).

ഈ പ്രതികൂല സാഹചര്യത്തിലും ഒരു അനുകൂലമായ അവസ്ഥ അവൻ കണ്ടിരുന്നു. തന്നെ "ബന്ധനങ്ങളുള്ള സ്ഥാനാപതി" ആയിട്ടാണ് പൗലൊസ് വിശേഷിപ്പിച്ചത് (എഫെ. 6:20)

തടവിൽനിന്ന് പൗലൊസ് എഴുതിയ ലേഖനങ്ങൾ ലോകത്തിൽ വലിയ ചലനം ഉളവാക്കി. എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലെമോൻ എന്നീ ലേഖനങ്ങൾ അവൻ ആദ്യം തടവിലായിരുന്നപ്പോൾ എഴുതിയതായിരുന്നു, എന്നാൽ രണ്ടാം തവണ തടവിലായിരുന്നപ്പോഴായിരുന്നു 2 തിമൊഥെയൊസിന്റെ ലേഖനം എഴുതിയത്. ആ ലേഖനങ്ങൾ മുഖേന നൂറ്റാണ്ടുകളായി ക്രിസ്തുവിന്റെ വഴി ആളുകളെ പഠിപ്പിച്ചുകൊണ്ടാണിരിക്കുന്നത്.

പൗലൊസ് പിന്നെ പറഞ്ഞത് **വചനം** എന്നാണ് (*ലോഗോസ്*). ഒരു സന്ദേശം സഞ്ചരിക്കുന്നതിനുള്ള വാഹനം പോലെയാണ് വാക്കുകൾ. "വചനത്തിൽ" അടങ്ങിയ സന്ദേശം അവിശ്വാസികളുടെ കാതുകളിൽ കേട്ടിരുന്നു.

നഷ്ടപ്പെട്ടവരോട് വചനം സംസാരിക്കുവാനുള്ള ഒരു വഴി ലഭിക്കുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നു. ബന്ധനം നിമിത്തം അവനു പോകുവാൻ പരിമിതിയുണ്ടായിരുന്നു. അതുകൊണ്ട് സന്ദേശം കേൾക്കുവാൻ ആളുകൾ അവന്റെ അടുക്കലേക്ക് വരേണ്ടിയിരുന്നു.

ദൈവത്തിന്റെ വചനം ശക്തിയുള്ളതാണെന്ന്, താഴെ കൊടുത്തിരിക്കുന്നവയിൽ കാണാം:

- അത് ജീവൻ-നൽകുന്നതും ശക്തവുമാണ് (യോഹ. 6:63; എബ്രാ.4:12).
- പാപത്തിൽനിന്നു സ്വതന്ത്രമാക്കുന്ന ഉറവിടമാണ് അത് (യോഹ. 8:32).
- അത് ശുദ്ധീകരണത്തിനുള്ളതാണ് (യോഹ. 17:17).
- അത് രക്ഷ നൽകുന്നു (പ്രവൃ. 11:14).
- അത് വിശ്വാസത്തിന്റെ ഉറവിടമാണ് (റോമർ 10:17).
- അത് ആത്മാവിനെ നിർമ്മലീകരിക്കുന്നു (1 പത്രൊ. 1:22).
- അത് പുതിയ ജനനം നൽകുന്നു (1 പത്രൊ. 1:23).

അത് പ്രമാണിച്ച് അനുസരിക്കുമ്പോഴാണ് ആളുകൾ വചനത്താൽ അനുഗ്രഹിക്കപ്പെടുന്നത്. പ്രസംഗിക്കുന്ന വചനം ശരിയായി കൈകാര്യം ചെയ്തു കൈക്കൊള്ളണം (1 തെസ്സ. 2:13; 2 തിമൊ. 2:15; 4:2).

ദൈവ വചനം പ്രസംഗിക്കേണ്ടതിന് അവസരം ഒരുക്കി വാതിൽ തുറന്നു തരുന്നത് ദൈവമാണ്, പക്ഷെ അവന്റെ സന്ദേശവാഹകൻ അവിടെ പ്രവേശിക്കണം. ജാതികൾക്ക് ദൈവം വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തു (പ്രവൃ. 14:27); എങ്ങനെയായാലും, അവന്റെ രക്ഷാ സന്ദേശം അറിയിക്കുവാൻ അവിടെ പ്രവേശിച്ചത് അവന്റെ പ്രതിനിധികളായിരുന്ന പൗലൊസും ബർന്നബാസും ആയിരുന്നു. സംസാരിക്കുവാനുള്ള അവസരം ലഭിച്ചു എന്നതുകൊണ്ടു മാത്രം ആളുകൾ കൈക്കൊള്ളണമെന്നില്ല, വചനം കേൾക്കുമ്പോൾ അത് സ്വീകരിക്കേണ്ട ഉത്തരവാദിത്തം ആളുകളുടേതാണ് (പ്രവൃ. 2:41; 11:1; യാക്കൊ. 1:21). പൗലൊസ് സുവിശേഷം പ്രസംഗിച്ചപ്പോൾ പലരും വചനം തിരസ്ക്കരിക്കയുണ്ടായി (പ്രവൃ. 13:46).

### "എനിക്ക് ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം" (4:3)

1:26, 27-ൽ പൗലൊസ് സംസാരിച്ചതുപോലെ ഒരു **മർമ്മത്തെ** (*മസ്റ്റെരിയോൻ*) ആണ് പൗലൊസ് ഇവിടെ സംസാരിച്ചത്. പഴയനിയമത്തിൽ **ക്രിസ്തു**വിനെ കുറിച്ചുള്ള വെളിപ്പാട് മറെച്ചുവെച്ച ഒരു രഹസ്യമായിരുന്നു, എന്നാൽ പുതിയനിയമത്തിൽ, ആ മർമ്മം വെളിപ്പെടുത്തി (റോമർ 16:25, 26; എഫെ. 3:3-5; കൂടാതെ 1:26 ന്റെ ചർച്ചയും നോക്കുക). "സുവിശേഷത്തിന്റെ മർമ്മം ഭയം കൂടാതെ പ്രസ്താവിക്കുക" എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം (എഫെ. 6:19).

സുവിശേഷത്തിന്റെ മർമ്മം പ്രസംഗിച്ചതു നിമിത്തമായിരുന്നു പൗലൊസ് **ബന്ധനത്തിലായത്**. "ബന്ധനം" എന്ന വാക്ക്, *ഡെയോ* അക്ഷരികമായ അർത്ഥം, "ബന്ധിക്കുക"[5] എന്നാണ്. "ദൈവ വചനം ബന്ധിക്കപ്പെട്ടിട്ടില്ല" എന്നു പറയുവാനും പൗലൊസ് ആ വാക്ക് ഉപയോഗിച്ചിരിക്കുകയാണ്

(2 തിമൊ. 2:9), പിന്നെ വിവാഹം കഴിഞ്ഞ സ്ത്രീ വിവാഹത്താൽ ഭർത്താവിനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു പ്രസ്താവിക്കുവാനും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (റോമർ. 7:2; 1 കൊ. 7:27, 39).

കൊലൊസ്യ ലേഖനത്തിൽ, മറ്റൊരു ഭാഗത്ത്, തന്റെ തടവുമായുള്ള ബന്ധത്തിൽ കഷ്ടതയെ കുറിച്ചും പറഞ്ഞിരിക്കുന്നു (1:24; 4:7–9). അവൻ ഫിലിപ്പിയർ 1:7, 13, 14, 17 ലും, കൊലൊസ്യർ 4:18; 2 തിമൊഥെയൊസ് 2:9; ഫിലെമോൻ 10, 13 ലും തന്റെ തടവ് അല്ലെങ്കിൽ "ബന്ധനത്തെ" (*ഡെസ്മോസ്*) കുറിച്ചു പറഞ്ഞിരിക്കുന്നു.

റോമിൽ എത്തിയപ്പോൾ, പൗലൊസ് ചുരുങ്ങിയത് രണ്ട് വർഷം "തനിക്കു കാവലായ പടയാളിയോടുകൂടെ വേറിട്ടു പാർപ്പാൻ അനുവാദം ലഭിച്ചു" (പ്രവൃ. 28:16). അവൻ ചങ്ങലയാൽ ബന്ധിതനായിരുന്നു എങ്കിലും (എഫെ. 6:20), ഒരു പടയാളിയുടെ കാവലിലായിരുന്നിട്ടും, അവൻ കൂലിക്ക് എടുത്ത വീട്ടിൽ ആളുകൾ അവനെ സന്ദർശിക്കുവാനായി വന്നിരുന്നു (പ്രവൃ. 28:30, 31). ഈ വാക്യത്തിൽ പൗലൊസ് "ഞങ്ങൾ" എന്ന വാക്കിൽ നിന്നു "ഞാൻ" എന്ന വാക്കിലേക്ക് മാറിയിരിക്കുന്നു. പറഞ്ഞിരിക്കുന്ന മറ്റുള്ളവരുടേയും തന്റെയും തമ്മിലുള്ള അവസ്ഥാവ്യത്യാസം മനസിലാക്കി കൊടുപ്പാനായിരിക്കാം അത്. പീറ്റർ ടി. ഓ'ബ്രിയെൻ പറഞ്ഞു, "ഏകവചനത്തിലേക്കുള്ള ആ മാറ്റം സ്വാഭാവികമാണ്, തനിക്കും മറ്റുള്ളവർക്കും പൊതുവായതും തനിക്ക് പ്രത്യേകമായുള്ളതുമായ അവസ്ഥയുണ്ടായിരുന്നത് കാണിക്കുകയാണ് ലക്ഷ്യം ..."[5]

ഈ സമയത്ത് തന്നെ കിട്ടിയാൽ കൊല്ലുവാനിരുന്ന യെഹൂദന്മാരുടെ കയ്യിൽ ഏൽപിക്കുന്നതിനേക്കാൾ കൈസരുടെ വിചാരണക്കായി റോമിൽ തടവിൽ തന്നെ കഴിയുന്നതായിരുന്നു നല്ലത് (പ്രവൃ. 25:1–3). റോമൻ തടവിൽ തന്നെ കഴിയുവാൻ പൗലൊസ് കൈസരെ അഭയം തേടുകയായിരുന്നു ചെയ്തത് (പ്രവൃ. 25:8–12). അവൻ അപേക്ഷിച്ചതിനാൽ, അവനെ ബന്ധിച്ച്, റോമിലേക്ക് കൊണ്ടുപോയി. റോമാ പൗരനായതുകൊണ്ട്, അതിനുള്ള അവകാശം അവനുണ്ടായിരുന്നു.

### "ഞാൻ സംസാരിക്കേണ്ടും വണ്ണം അതിനെ വെളിപ്പെടുത്തുവാൻ" (4:4)

കൊലൊസ്യരോട് പൗലൊസ് ഇവിടെ രണ്ടു കാര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാനാണ് ആവശ്യപ്പെട്ടത്: ദൈവവചനം പ്രസംഗിക്കുവാനുള്ള അവസരം ലഭിക്കുവാനും, സംസാരിക്കുന്നത് ആളുകൾക്ക് മനസിലാകത്തക്കവണ്ണം പ്രസ്താവിക്കുവാനും. വചനം കൃപയോടും, ധൈര്യത്തോടും, പ്രാഗത്ഭ്യത്തോടും അവതരിപ്പിക്കുന്നതിന് അവനു വേണ്ടി അവർ പ്രാർത്ഥിക്കണമായിരുന്നു. തനിക്കും കൂടെയുള്ളവർക്കും പ്രത്യേക അനുഗ്രഹങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ അവൻ ആവശ്യപ്പെട്ടില്ല; മറിച്ച് അവന്റെ പ്രസംഗം ആളുകൾക്ക് പ്രയോജനപ്പെടേണം എന്നതിനെ കുറിച്ചായിരുന്നു അവൻ വിചാരപ്പെട്ടത്.

**വെളിപ്പെടുത്തുവാൻ** എന്നത് ഗ്രീക്കിൽ ഒറ്റ വാക്കാണ് (*ഫനേരു*), അതേ വാക്ക് തന്നെയാണ് 1:26-ൽ "പ്രദർശിപ്പിച്ചു" എന്നും "വെളിപ്പെടുത്തി" എന്നും തർജിമ ചെയ്തിരിക്കുന്നത്. കേൾക്കുന്നവർക്ക് മനസിലാക്കി കൊടുക്കണമെന്ന് പൗലൊസ് ദൈവത്തോട് പ്രാർത്ഥിച്ചില്ല. കാരണം പൗലൊസിനു പൗലൊസിന്റെ ഉത്തരവാദിത്തവും, കേൾവിക്കാർക്ക് അവരുടേതായ ഉത്തരവാ

ദിത്തവുമാണുള്ളത്. തന്റെ ശ്രോതാക്കളെ കോൾമയിർ കൊള്ളിക്കുന്നതിനോ, വാക്ചാതുര്യം പ്രകടിപ്പിക്കുവാനോ ആഗ്രഹിക്കുന്നതിനു പകരം, താൻ പ്രസംഗിക്കുന്നത് അവർ എളുപ്പത്തിൽ ഗ്രഹിക്കണമെന്നാണ് അവൻ ആഗ്രഹിച്ചത്. മതിപ്പുളവാക്കുന്നതിനു പകരം വിവരം ധരിപ്പിക്കുവാനായിരുന്നു പൗലൊസ് തീരുമാനിച്ചത് (1 കൊ. 2:1 നോക്കുക).

**സംസാരിക്കേണ്ടുംവണ്ണം** [*ഡെയി*] സംസാരിക്കുവാനായിരുന്നു അപ്പൊസ്തലൻ ആഗ്രഹിച്ചത്. ആ പ്രസ്താവനയിൽ മാറ്റമില്ലാത്ത ആവശ്യങ്ങളും, കടമയും, ബാധ്യതയും ഉൾപ്പെടുന്നു. *ഡെയി* പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് "ആയിരിക്കണം" എന്ന അർത്ഥത്തിലാണ് (മത്താ. 23:23; 24:6; ലൂക്കൊ. 2:49; 9:22; യോഹ. 4:24; 12:34; പ്രവൃ. 4:12; 9:6.)

രക്ഷിക്കുവാനുള്ള ശക്തിയുള്ളത് സന്ദേശത്തിലാണ് (പ്രവൃ. 11:14; റോമർ. 1:16) അല്ലാതെ സന്ദേശ വാഹകനിലല്ല. അപ്പോഴും അറിയിക്കുന്ന ആൾ സന്ദേശത്തിനോ, ജീവനോ, ഭാഷക്കോ തടസമാകരുത്. സത്യം-സ്നേഹത്തോടെ ശരിയായി പ്രസംഗിക്കണം-ദൈവം നഷ്ടപ്പെട്ടവരെ തിരഞ്ഞെടുക്കുവാൻ വെച്ചിരിക്കുന്ന മാർഗം അതു മാത്രമാണ്.

## പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ (4:5, 6)

**5 സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ട് പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ. 6 ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതും ആയിരിക്കട്ടെ.**

ദൈവത്തോടും സഭയോടുമുള്ള ബന്ധത്തിൽ മാത്രമല്ല, ലോകത്തിലുള്ളവരോടും ക്രിസ്ത്യാനികൾ മാതൃകയായിരിക്കണം. പുറത്തുള്ളവരോട് എങ്ങനെ പെരുമാറണം എന്നതിനു പൗലൊസ് കൊലൊസ്യർക്ക് നാല് നിർദ്ദേശങ്ങൾ നൽകി.

### "പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ" (4:5)

**പെരുമാറുക** (*പെരിപാറ്റെയിറ്റേ*) അക്ഷരികമായി "നടക്കുക" എന്നാണ്, രണ്ടാം വ്യക്തിക്ക് ആജ്ഞ നൽകിയിരിക്കുകയാണ് (4:5; മത്താ. 4:18; 9:5; 1 യോഹ. 1:6). *പെരിപാറ്റെയോ* ഒരാളുടെ ജീവിത രീതിയിലെ,പെരുമാറ്റത്തെ അല്ലെങ്കിൽ പ്രവൃത്തിയെ കാണിക്കുന്നതുമാണ് (മർ. 7:5; യോഹ. 8:12; 11:9, 10; 12:35). ആ ക്രിയക്ക് പൗലൊസിന്റെ എഴുത്തുകൾക്ക് പുറമെ "സ്വായത്തമാക്കൽ" (എബ്രാ. 13:9), "അലറൽ" (1 പത്രൊ. 5:8), തുടങ്ങി വേറെയാണ് അർത്ഥം. ഭൗതികമായ നടപ്പിനെ കുറിച്ചു പറയുവാൻ പൗലൊസ് ഒരിക്കലും *പെരിപാറ്റെയോ* ഉപയോഗിച്ചിട്ടില്ല, പെരുമാറ്റത്തെ ആലങ്കാരികമായി പറയുവാൻ മാത്രമാണ് ആ വാക്ക് ഉപയോഗിച്ചത് (കൊലൊ. 1:10; 2:6; 3:7; 4:5).

**പുറത്തുള്ളവരോട്** അഥവാ അ-ക്രൈസ്തവരോട് **ജ്ഞാനത്തോടു**കൂടെ (*സോഫിയ*) പ്രവർത്തിച്ചാലുള്ള അനന്തരഫലത്തെ കുറിച്ച് പൗലൊസ് ഇവിടെ വിശദീകരിക്കുന്നില്ല. തന്റെ മറ്റു ലേഖനങ്ങളിൽ, ക്രിസ്ത്യാനികൾ

സഭക്കകത്തും പുറത്തും ആളുകളോട് ഇടർച്ചയില്ലാതെ എങ്ങനെ പെരുമാറണമെന്ന് ചർച്ച ചെയ്തിരിക്കുന്നു (റോമർ 14:1-21; 1 കൊ. 8:8-13; 9:19-23; 10:31-33). "പുറത്തുള്ളവർ" (*ടൗസ് എക്സോ*) അക്ഷരികമായി പുറമെ [ഉള്ളവർ] എന്നാണ് അർത്ഥം. ക്രിസ്തുവിന്റെ സഭക്ക് പുറത്തുള്ളവരെയാണ് പൗലൊസ് ഉദ്ദേശിച്ചത്. കൊലൊസ്യർ അവരുമായി ബന്ധപ്പെടുമ്പോൾ ജ്ഞാനത്തിലായിരിക്കണം നടക്കുവാൻ. അവർക്ക് ആവശ്യമുള്ള ജ്ഞാനത്തിനായി അവർ സംശയിക്കാതെ ദൈവത്തോട് യാചിക്കേണ്ടിയിരുന്നു (യാക്കൊ. 1:5, 6), വെളിപ്പെടുത്തിയ ദൈവേഷ്ടത്തിന്റെ പരിജ്ഞാനത്തിൽ അവർ നിറഞ്ഞുവരികയും വേണ്ടിയിരുന്നു (കൊലൊ. 1:9).

ചില ആളുകൾ ക്രിസ്ത്യാനികളോട് നീരസത്തോടും ദയയില്ലാതെയുമാണ് പെരുമാറിയിരുന്നത്. "ഉദാഹരണമായി [ക്രിസ്ത്യാനികളെ] *നിരീശ്വരവാദികൾ* എന്നു വിളിച്ചിരുന്നു കാരണം അവർ കാണപ്പെടുന്ന ദേവന്മാരെ സേവിക്കാതിരുന്നു, ചക്രവർത്തി ഉണ്ടാക്കിയ ബിംബത്തെ വണങ്ങാതിരുന്നതിനാൽ അവരെ *രാജ്യദ്രോഹികളായി* കണക്കാക്കി, അവരെ *അധാർമ്മികർ* എന്നു വിളിച്ചു, കാരണം ആവശ്യമെങ്കിൽ അടെച്ചിട്ട മുറിയിൽ കൂടിവരുവാനും അവർക്ക് മടിയില്ലായിരുന്നു."[6]

പൗലൊസ് ക്രിസ്ത്യാനികൾക്ക് എഴുതി, "യെഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭക്കും ഇടർച്ചയില്ലാത്തവരാകുവിൻ" (1 കൊ. 10:32). അവരുടെ ജീവിതം ശ്രദ്ധിച്ചു ക്രമപ്പെടുത്തുകയും ധാർമ്മികമായി സൗന്ദര്യമുള്ളതാക്കുകയും വേണമായിരുന്നു. "വക്രതയും കോട്ടവുമുള്ള തലമുറയിൽ അവർ വിശുദ്ധരും, നിഷ്ക്കളങ്കരുമായ ദൈവമക്കളായി ലോകത്തിനു വെളിച്ചമായി തീരണമായിരുന്നു" (ഫിലി. 2:15). അവരിൽ യേശുവിനെ പ്രകാശിപ്പിച്ച് ഇരുട്ടുള്ള ലോകത്തിൽ അവർക്ക് വെളിച്ചമായി ജീവിക്കുവാൻ കഴിയുമായിരുന്നു (മത്താ. 5:14-16).

### "അവസരങ്ങൾ തക്കത്തിൽ ഉപയോഗിച്ച്" (4:5)

പെരുമാറ്റത്തിന് ഊന്നൽ കൊടുത്ത് വിവരിച്ച് പൗലൊസ് ചന്തസ്ഥലത്തെ വാക്ക് ആയ **തക്കത്തിൽ** (*എക്സാഗൊരാസോമെനോയി*) ഉപയോഗിച്ചിരിക്കുന്നത്, എഫെസ്യർ 5:16 ലേതുപോലെ, അക്ഷരികമായി, "വാങ്ങുക," അല്ലെങ്കിൽ ചില സാധനങ്ങളിൽ ലഭ്യമായതെല്ലാം വാങ്ങുക. ആ വാക്കിനു "വീണ്ടെടുക്കുക" എന്നും അർത്ഥമുണ്ട് (ഗലാ. 3:13; 4:5).

**അവസരം** (*കായിറോസ്*), അല്ലെങ്കിൽ "സമയം" എന്നു പറയുന്നത് കൃത്യമായ സമയത്തെ അല്ല സൂചിപ്പിക്കുന്നത് (ഗലാ. 6:9, 10; 1 പത്രൊ. 5:6), എന്നാൽ അത് ഏതെങ്കിലും ഒരു സമയത്തെ സൂചിപ്പിച്ചും പറയാം (1 കൊ. 7:5; 29; 2 തിമൊ. 4:3; 1 പത്രൊ. 1:5). *കായിറോസ്* എന്ന വാക്ക് "കാലം" എന്നും തർജിമ ചെയ്തിട്ടുണ്ട് (പ്രവൃ. 14:17; ഗലാ. 4:10), കൂടാതെ അത് പലപ്പോഴും "സമയം," "സമയങ്ങൾ" എന്ന് തർജിമ ചെയ്തിട്ടുണ്ടെങ്കിലും, "കാലങ്ങൾ" എന്നും തർജിമ ചെയ്തിട്ടുണ്ട് (പ്രവൃ. 1:7; 1 തെസ്സ. 5:1).

"എല്ലാ സമയത്തും തുടർച്ചയായി വാങ്ങിക്കൊണ്ടിരിക്കൽ" എന്ന് അക്ഷരികമായി തർജിമ ചെയ്യാം. "നിങ്ങൾക്ക് ലഭിച്ച സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കൽ" അല്ലെങ്കിൽ, "നിങ്ങളുടെ സമയം മുഴുവനും ഉപയോഗിക്കുക" എന്നും പറയാവുന്നതാണ്. ക്രിസ്ത്യാനികൾ വെറുതെ ഇരിക്കേണ്ടവരല്ല, അവസരങ്ങളെല്ലാം യേശുവിനെ സേവിക്കുവാനായി ഉപയോഗിക്കണം.

തടസങ്ങൾ ഉള്ളപ്പോൾ പോലും കൊലൊസ്യർ ക്രിസ്തുവിനെ സേവിക്കുവാനാണ് പൗലൊസ് പ്രതീക്ഷിച്ചത്. ഏതൊരവസരത്തിലും ബുദ്ധിമുട്ടുണ്ടാകും, പക്ഷെ ഏതൊരു ബുദ്ധിമുട്ടിലും ഒരവസരം ഉണ്ടാകും. ഭീരുത്വത്തിലും, നിരാശയിലുമായിരിക്കുന്നവർക്ക് അവരുടെ അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ പ്രോൽസാഹനം ആവശ്യമാണ്.

യേശുവിന്നു സമയം-ബോധ്യമുണ്ടായിരുന്നു. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (യോഹ. 9:4). അവൻ വേഗതയുള്ളവനായി തോന്നുന്നില്ലെങ്കിലും, വിലയുള്ള കാര്യങ്ങളിൽ അവൻ തിരക്കുള്ളവനായിട്ടാണ് പ്രവർത്തിച്ചത്. അവൻ ഒരിക്കലും സമയം പാഴാക്കിയില്ല.

## "നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതുമായിരിക്കട്ടെ" (4:6)

അടുത്തതായി, **സംസാരത്തെ** കുറിച്ചായിരുന്നു പൗലൊസ് ചർച്ച ചെയ്തത്. *ലോഗോസ്*, പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് "വചനം," എന്നാണ്, അത് കൊലൊസ്യ ലേഖനത്തിൽ മറ്റു ഭാഗങ്ങളിൽ കാണുന്നത് നോക്കുക (1:5, 25; 3:16, 17; 4:3). ഇവിടെ പൗലൊസ് അർത്ഥമാക്കിയത് സുവിശേഷ സന്ദേശം അല്ല. മറിച്ച്, സന്ദേശം അറിയിക്കുവാൻ ഉപയോഗിക്കുന്ന വാക്കുകളെയാണ്. ദൈവത്തിന്റെ സന്ദേശം അറിയിക്കുവാൻ ഉപയോഗിക്കുന്ന വാക്കുകൾ ശരിയായവ തന്നെ ആയിരിക്കണം.

ക്രിസ്ത്യാനികൾ വാക്കുകൾ ഉപയോഗിക്കേണ്ടത് **കൃപയോടുകൂടെ** (*എൻ ചിരിറ്റി*) ആയിരിക്കണം എന്ന് അവൻ പ്രത്യേകമായി പറഞ്ഞിരിക്കുന്നു. *ചാരിസ്* എന്ന വാക്കിന് "നന്ദി" എന്നും അർത്ഥമുണ്ടെങ്കിലും (3:16 നോക്കുക), പൗലൊസിന്റെ മനസിൽ സംസാര രീതിയായിരിക്കുവാനാണ് കൂടുതൽ സാധ്യത. സംസാരം രുചികരവും കൃപയോടുകൂടിയതുമാകുവാനായിരുന്നു അവൻ അപേക്ഷിച്ചത്. അവരുടെ വാക്കുകളിൽ സത്യം അടങ്ങിയിരിക്കുകയും അത് അവതരിപ്പിക്കേണ്ടത് ഇടർച്ച-വരുത്താത്ത വിധത്തിലുമായിരിക്കണം. കേൾക്കുന്നവർക്ക് ഹൃദയ സ്പർശിയായി കരുതലോടെ സ്വീകാര്യമായി വേണം സംസാരിക്കുവാൻ. എഫെസ്യരോട് "സ്നേഹത്തിൽ സത്യം സംസാരിപ്പിൻ" എന്ന് പൗലൊസ് പറഞ്ഞപ്പോൾ ഇതായിരിക്കാം അവന്റെ മനസിൽ ഉണ്ടായിരുന്നത് (എഫെ. 4:15).

കേൾവിക്കാർക്ക് അലോസരമുണ്ടാകുന്ന വിധത്തിൽ കൊലൊസ്യർ സംസാരിക്കരുതായിരുന്നു. സന്ദേശം ചിലർക്ക് ഇടർച്ച വരുത്തുമെങ്കിലും, സന്ദേശ വാഹകൻ സംസാരിക്കുവാൻ തിരഞ്ഞെടുക്കുന്ന വാക്കുകൾ അവർക്ക് ഇടർച്ച വരുത്തരുത്. ഇന്നത്തെ ക്രിസ്ത്യാനികളെ പോലെ അന്നത്തെ സഹോദരന്മാരും, അവരുടെ സംസാരം മോശമായി മറ്റുള്ളവരെ പ്രകോപിപ്പിക്കുന്നതാകരുത് എന്നാണ് പൗലൊസ് മുന്നറിയിച്ചത്. പകരം, അവരുടെ വാക്കുകൾ കേൾക്കുന്നവർക്ക് ആത്മികവർദ്ധന വരുത്തുന്ന നിർമ്മലമായതും ശുദ്ധമായതുമായിരിക്കണം.

കൊലൊസ്യരുടെ സംസാരം രുചികരവും, ആത്മാക്കളെ നേടുന്നതും, സ്വീകാര്യമായതും, **ഉപ്പിനാൽ** [*ഹലാസ്*] **രുചി വരുത്തുന്നതു**മായിരിക്കണമെന്നാണ് [*ആർടൗ*] പൗലൊസ് പ്രതീക്ഷിച്ചത്. ദയയില്ലാത്ത, കരുണാര

ഹിതവും പരുഷവുമായ രീതിയിൽ അവർ സംസാരിക്കരുതായിരുന്നു. ഉപ്പ് ആഹാരത്തിന് രുചി വർദ്ധിപ്പിക്കുന്നതുപോലെ, കൊലൊസ്യർ തങ്ങളുടെ സംസാരം കേൾക്കുന്നവരുടെ കാതുകൾക്ക് രുചി പകരുന്നതായിരിപ്പാൻ സൂക്ഷിക്കണമായിരുന്നു. പൗലൊസ് ആ പ്രയോഗത്തെ വിശദീകരിച്ചതിനെ കുറിച്ച് എച്ച് സി. ജി. മൗൾ പറഞ്ഞത് ഉപ്പ് പദാർത്ഥങ്ങൾ കേടുവരാതെ സൂക്ഷിക്കുകയും ചെയ്യുന്നു എന്നാണ്. പൗലൊസ് എഴുതി, "കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്ക് നല്ല വാക്കല്ലാതെ ആകാത്തത് ['മോശമായത്'; കെജെവി; എൻകെജെവി] ഒന്നും നിങ്ങളുടെ വായിൽനിന്നും പുറപ്പെടരുത്" (എഫെ. 4:29). കൃപയോടുകൂടിയ അവരുടെ സംസാരത്തിൽ ഉപ്പ് തളിക്കുമ്പോൾ വാക്കുകൾ, അശുദ്ധിയും അഴുക്കും മാറി പ്രകടനം സുഖകരവും "രുചികരവും 'സ്വാദിഷ്ടവും' 'ചിന്തക്കുള്ള ആഹാരവും ആകും.' "[8]

### "ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയുവാൻ" (4:6)

ക്രിസ്ത്യാനികൾ ശ്രദ്ധയോടെ ആശയവിനിമയം നടത്തുന്നതിന്റെ പ്രാധാന്യത്തെയാണ് പൗലൊസ് ഊന്നി പറഞ്ഞത്. അവർ സംസാരിക്കുന്ന സത്യത്തോട് വിശ്വസ്തത പുലർത്തി, കേൾവിക്കാരെ സ്വാധീനിക്കേണ്ടതിന്ന് ശരിയായ സന്ദേശം, ശരിയായ സമയത്തായിരുന്നു കൊലൊസ്യർ അറിയിക്കേണ്ടിയിരുന്നത്. എല്ലാ ക്രിസ്ത്യാനികളും സുവിശേഷകന്മാരല്ലെങ്കിലും, "ഓരോരുത്തരും തങ്ങളുടെ പ്രത്യാശയെ കുറിച്ച് പ്രതിവാദം ചോദിക്കുന്ന ആരോടും ദയയോടും കൃപയോടും കൂടെ ഉത്തരം പറവാൻ ഒരുങ്ങി[യിരിക്കണം]. അത് സൗമ്യതയോടും ബഹുമാനത്തോടുംകൂടെ ആയിരിക്കണം" (1 പത്രൊ. 3:15). മറ്റുള്ളവരുടെ വികാരവും താൽപര്യവും മനസിലാക്കി വേണം ആവശ്യമായ സംഭാഷണം നടത്തുവാൻ. **അറിയേണ്ടതിന്ന്** എന്നു അവൻ പറഞ്ഞപ്പോൾ പരിചയമുള്ള വാക്ക് *ജിനോസ്കോ* അല്ല ഉപയോഗിച്ചത്, "ഏതെങ്കിലും മുഖാന്തരത്തിൽകൂടെ വിവരം ശേഖരിക്കുക,"[9] പകരം, *എയിഡെനായി* (*ഓയിഡ*യിൽ നിന്ന്) എന്നാണ് അവൻ പറഞ്ഞത്, അർത്ഥം, "അനുഭവത്തിൽനിന്ന് മനസിലാക്കൽ." കൃപയോടുകൂടി സംസാരിച്ച് **ഓരോരുത്തരോടും എങ്ങനെ മറുപടി പറയണം** എന്നു കൊലൊസ്യർ പഠിക്കണമായിരുന്നു.

## പ്രായോഗികത

### അവസാന പ്രശംസ (4:2–6)

തന്റെ ലേഖനം അവസാനിപ്പിച്ച് പൗലൊസ്, ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ പ്രാധാന്യത്തെ അവസാനിപ്പിക്കുകയാണ്. നാം (1) ഉണർന്നിരുന്നു പ്രാർത്ഥിക്കണം, (2) സുവിശേഷ പ്രവർത്തനം നടത്തുന്നവരേയും പ്രാർത്ഥനയിൽ ഉൾപ്പെടുത്തണം, (3) അ-ക്രൈസ്തവരോട് മര്യാദയായി പെരുമാറണം, (4) എപ്പോഴും ഉപകാരപ്രദമായ സംഭാഷണം നടത്തുകയും വേണം.

*പ്രാർത്ഥനയിൽ ഉറ്റിരുന്ന് ജാഗരിപ്പിൻ.* പൗലൊസ് തന്റെ എല്ലാ ലേഖനങ്ങളിലും കൊടുത്തിരിക്കുന്നതുപോലെ, നാം പ്രാർത്ഥനക്ക് മുൻഗണന നൽകണം. ആദ്യവും അവസാനവുമായി, തന്റെ ഈ ചുരുങ്ങിയ ലേഖനത്തിൽ അവൻ അഞ്ചു പ്രാവശ്യം പ്രാർത്ഥനയെ കുറിച്ച് പറഞ്ഞിരിക്കുന്നു

(1:3, 9; 4:2, 3, 12).

പ്രാധാന്യമില്ലാത്ത പല കാര്യങ്ങളിലും തിരക്ക് പിടിച്ച് നടന്നിട്ട് പലപ്പോഴും നാം പ്രാർത്ഥിക്കുവാൻ പോലും സമയം ചെലവിടുന്നില്ല. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഇന്നത്തെ ആളുകളെ പോലെ പല കാര്യങ്ങളിൽ തിരക്കുള്ളവരായിരുന്നില്ല. ഒരുപക്ഷെ അവർക്ക് പ്രാർത്ഥിക്കുവാൻ കൂടുതൽ സമയം ഉണ്ടായിരുന്നേക്കാം. എന്നിട്ടും അവരെ ഉത്തേജിപ്പിച്ചത് പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ എന്നാണ്.

ഉറ്റിരിക്കുക എന്നാൽ നമ്മുടെ സമയവും പരിശ്രമവും ചില കാര്യങ്ങൾക്കോ പരിശീലനത്തിനോ മാറ്റി വെക്കുക എന്നർത്ഥം. കായികവിനോദത്തിനോ, ടിവി കാണുന്നതിനോ, വിനോദപ്രദമായ കാര്യങ്ങളിലോ നമുക്ക് ഉറ്റിരിപ്പാൻ കഴിയും. ദിവസം മുഴുവൻ ഇങ്ങനെയുള്ള കാര്യങ്ങൾക്കായി സമയം ചിലവിട്ടാൽ അതിൽനിന്നു കാര്യമായെന്നും നേടുവാൻ സാധ്യമല്ല.

നമ്മിൽ പലർക്കും ഉള്ള പ്രശ്നം എന്തെന്നാൽ പ്രാർത്ഥനക്കു മുടക്കം വരുത്തുന്ന പലതിലേക്കു നമ്മുടെ ശ്രദ്ധയെ തിരിച്ചു വിട്ട് തടസം സൃഷ്ടിക്കുന്നു. നാം ദൈവവുമായി വിലയേറിയ സമയം ചെലവിടാതിരിപ്പാൻ പിശാച് തടസപ്പെടുത്തുന്നതാകാം. ലൗകികമായ ബാധ്യതകളാണ് നമ്മുടെ പ്രാർത്ഥനക്കുള്ള അവസരങ്ങൾ കവർന്നെടുക്കുവാൻ നാം അനുവദിക്കരുത് (എബ്രാ. 12:1).

പിശാച് നമ്മെ തടയും എന്നുള്ളതിനാൽ, നാം ഉണർന്നിരിക്കണം (1 പത്രൊ. 5:8). നമുക്ക് ആർക്കും അവന്റെ പരീക്ഷണങ്ങളിൽനിന്നു ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. പരീക്ഷണങ്ങളിൽ നിന്നു നമുക്ക് ആർക്കും ഒഴികഴിവില്ല. അവൻ യേശുവിനെ പരീക്ഷിച്ചിരുന്നു (മത്താ. 4:1) പത്രൊസിനെ കോതമ്പു പോലെ പാറ്റുവാൻ അനുവാദം ചോദിച്ചു (ലൂക്കൊ. 22:31). തോട്ടത്തിൽ വെച്ച് യേശു യാക്കൊബിനോടും, യോഹന്നാനോടും, പത്രൊസിനോടും "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ ..." പറഞ്ഞിരുന്നു (മത്താ. 26:41).

*മിഷ്ണറിമാർക്കു വേണ്ടി പ്രാർത്ഥിക്കുക.* തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് ആവശ്യപ്പെട്ടിരുന്നു. താൻ ആവശ്യപ്പെട്ടതിനോടു തുല്യ പ്രാധാന്യമുള്ളവയായിരുന്നു അവൻ ആവശ്യപ്പെടാതിരുന്നതും. പണം ലഭിക്കുവാനോ, നല്ല ഹൃദയങ്ങൾ ലഭിക്കുന്നതിനോ, അനേകം പ്രതികരണങ്ങൾക്കോ, പരിവർത്തകർക്കോ, എളുപ്പമുള്ള പദ്ധതികൾക്കോ, പ്രയാസരഹിതമായ അവസ്ഥക്കോ, സുഖകരമായ താമസത്തിനോ, ധനികരും പ്രസിദ്ധരുമായവർ രൂപാന്തരപ്പെടുവാനോ, വലിയ ഇടവകകൾക്കു വേണ്ടിയോ, മറ്റു ഭൗതികമായ സൗകര്യങ്ങൾക്കു വേണ്ടിയോ പ്രാർത്ഥിക്കുവാൻ അവൻ ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരോട് ആവശ്യപ്പെട്ടില്ല. വചനത്തിന് വാതിൽ തുറന്നു കിട്ടുവാനായിട്ടായിരുന്നു കൊലൊ-സ്യരോട് പ്രാർത്ഥിക്കുവാൻ പറഞ്ഞത്. ക്രിസ്തുവിന്റെ മർമ്മം വെളിപ്പെടുത്തി ആളുകൾക്ക് മനസിലാകുവാനായി ശരിയായി സംസാരിക്കുവാനും അവനു വേണ്ടി പ്രാർത്ഥിക്കുവാനും ആവശ്യപ്പെട്ടിരുന്നു. നാം മിഷ്ണറിമാർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ, അവന്റെ പ്രാർത്ഥന നമുക്ക് മാതൃകയാണ്.

"വാതിൽ തുറക്കുവാൻ" എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത് വചനം പ്രാസംഗിക്കുവാനുള്ള അവസരമാണ്. പൗലൊസ് തന്റെ ആദ്യ മിഷ്ണറി യാത്ര കഴിഞ്ഞു മടങ്ങി വന്നപ്പോൾ, അവൻ പറഞ്ഞു, "കർത്താവ്

ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തു" (പ്രവൃ. 14:27). കൊരിന്ത്യർക്ക് എഴുതിയപ്പോഴും അവൻ ആ ആലങ്കാരിക പ്രയോഗം നടത്തി. അവൻ എഫെസോസിൽ ആയിരുന്നപ്പോൾ ഒരു "വാതിൽ" തുറന്നു കിട്ടി എന്നാണ് പറഞ്ഞത് (1 കൊ. 16:9) ത്രോവാസിലായിരുന്നപ്പോഴും അത് സംഭവിച്ചു (2 കൊ. 2:12).

അവന്റെ മിഷ്ണറി യാത്രകളിൽ, പലപ്പോഴും വാതിലുകൾ തുറന്നു കിട്ടിയതിനാൽ ഒരു സ്ഥലത്തു മാത്രം പ്രസംഗിക്കാതെ പല സ്ഥലങ്ങളിൽ പ്രസംഗിക്കുവാൻ കഴിഞ്ഞിരുന്നു (പ്രവൃ. 13:50; 17:5-10, 13). "ജാതികൾ രക്ഷിക്കപ്പെടേണ്ടതിനായി ഞങ്ങൾ അവരോട് പ്രസംഗിക്കുന്നത് യഹൂദന്മാർ വിലക്കിയിരുന്നതായി" പൗലൊസ് പറഞ്ഞിരിക്കുന്നു (1 തെസ്സ. 2:16). ഇത്തരം തടസം തനിക്ക് നേരിടാതെ സ്വതന്ത്രമായി ദൈവവചനം പ്രസംഗിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്.

*അ-ക്രൈസ്തവരോട് മര്യാദയായി പെരുമാറുക.* ക്രിസ്തുവിനെ-പോലെ ജീവിക്കുമ്പോഴാണ് ക്രിസ്ത്യാനികൾ എന്ന ശക്തി നമുക്ക് ലഭിക്കുന്നത്. നാം ഭൂമിയുടെ ഉപ്പാകുന്നു (മത്താ. 5:13), ലോകത്തിന്റെ വെളിച്ചമാണ്, മലമേൽ വെച്ചിരിക്കുന്ന വിളക്ക് ആണ് (മത്താ. 5:14), നമുക്കു ചുറ്റുമുള്ളവർക്ക് വായിക്കാവുന്ന പത്രമാണ് (2 കൊ. 3:2). അന്യോന്യം സ്നേഹിക്കുന്ന നമ്മുടെ ജീവിതത്താൽ നാം യേശുവിന്റെ അനുയായികൾ എന്നു ലോകത്തെ ആളുകൾക്ക് കാണിച്ചു കൊടുക്കണം.

*കേൾക്കുന്നവർക്ക് ഉപകാരപ്രദമാകുവാൻ നമ്മുടെ സംസാരം സൂക്ഷിക്കണം.* ഉപ്പ് ആഹാരത്തിനു രുചി വർദ്ധിപ്പിക്കുന്നതുപോലെ, നാം എന്തു പറയുന്നു, എങ്ങനെ പറയുന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. നാം സ്നേഹത്തിൽ സത്യം സംസാരിക്കണം (എഫെ. 4:15, 25), ശലോമോന്റെ ബുദ്ധിയുള്ള ആലോചന സ്വീകരിക്കയും വേണം: "മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു" (സദൃശ. 15:1).

നാം വിശ്വസിക്കുന്നതിനെ കുറിച്ച് ആളുകൾ ചോദ്യം ചോദിക്കുമ്പോൾ, ഉത്തരം നൽകണം. നമ്മുടെ ഉത്തരങ്ങൾ എപ്പോഴും "സൗമ്യതയോടും ബഹുമാനത്തോടും കൂടെ ആയിരിക്കണം" (1 പത്രൊ. 3:15). പൗലൊസ് എഫെസ്യർക്ക് എഴുതി, "കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്ക് അല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്" (എഫെ. 4:29).

ക്രിസ്ത്യാനികളായതിനാൽ, നാം പ്രാർത്ഥനയിൽ ഉറ്റിരുന്ന് ക്രിസ്തു എങ്ങനെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അതുപോലെ, ക്രിസ്തുവിനെ പോലെ ജീവിക്കുകയും വേണം.

### വെളിച്ചമായി ജീവിക്കുക (4:5, 6)

*നഷ്ടപ്പെട്ടവരോട് ക്രിസ്ത്യാനികൾ ജ്ഞാനത്തോടെ സംസാരിക്കണം* (വാ. 5). ഇരുണ്ട ലോകത്തിൽ നാം വെളിച്ചമായി തീരണം (ഫിലി. 2:14-16). നഷ്ടപ്പെട്ടവർക്ക് ക്രിസ്ത്യാനികളെ കണ്ട് യേശുവിന്റെ വഴി പഠിക്കുവാൻ കഴിയണം: വ്യാപാരങ്ങൾ സുതാര്യമാക്കുകയും, ദയവില്ലാത്തവരോട് ദയവ് കാണിക്കുകയും, ആവശ്യമുള്ളവരെ സഹായിക്കുകയും, സംസാരം സൂക്ഷിക്കുകയും, ഹൃദയ നിർമ്മലത സൂക്ഷിക്കുകയും, ചെയ്യുന്നതെല്ലാം ക്രിസ്തുവിനെ പോലെ ആയിരിക്കണം (മത്താ. 5:13-16 നോക്കുക).

*ക്രിസ്ത്യാനികൾ എല്ലാ അവസരങ്ങളും തക്കത്തിൽ ഉപയോഗിക്കണം* (വാക്യം 5). നമ്മക്കായി ആളുകളെ സ്വാധീനിക്കാനുള്ള അവസരം കാണാതിരിക്കരുത് എന്ന് മാത്രമല്ല, നഷ്ടപ്പെട്ടവരെ തിരഞ്ഞു രക്ഷിക്കുവാനുള്ള ശ്രമവും നടത്തണം. എല്ലാവരേയും ക്രിസ്തുവിനായി നേടുവാനുള്ള ഏതൊരവസരവും പാഴാക്കാതിരിക്കുവാനായിരുന്നു പൗലൊസ് ശ്രമിച്ചത് (റോമർ 1:13–15; 1 കൊ. 9:19–23; 10:33). യെഹൂദന്മാർ അവനെ കൊല്ലുവാൻ ശ്രമിച്ചശേഷവും, മുറിവേറ്റു രക്തം വാർന്നൊഴുകിയപ്പോഴും അവൻ അവരെ നേടേണ്ടതിന്നു അവരോട് സുവിശേഷം പ്രസംഗിക്കുവാനുള്ള അനുവാദമാണ് ചോദിച്ചത് (പ്രവൃ. 21:31, 36, 39).

*മറ്റുള്ളവരോട് പ്രതികരിക്കുമ്പോൾ ക്രിസ്ത്യാനികൾ കൃപയോടുകൂടെ വേണം സംസാരിക്കുവാൻ* (4:6). ഒരാളുടെ ഉള്ളിലുള്ളത് സംസാരമാണ് വ്യക്തമാക്കുന്നത്, അത് അയാളുടെ ചിന്തയും വെളിപ്പെടുത്തും (മത്താ. 12:34; 15:18, 19). ക്രിസ്ത്യാനികൾ ശരിയായ വാക്ക് സംസാരിക്കുവാൻ, ഉത്തമമായത് ചിന്തിക്കണം (ഫിലി. 4:8). രുചി വരുത്തുന്ന നല്ല വാക്കുകളാലാണ് നാം അറിയപ്പെടേണ്ടത്. നമ്മുടെ വാക്കുകൾ സ്നേഹമുള്ള ഹൃദയത്തിൽനിന്നു വരുന്നതിനാൽ അത് കേൾവിക്കാരെ ആകർഷിക്കുന്നതായിരിക്കും (എഫെ. 4:15).

---

കുറിപ്പുകൾ

[1]റോമ. 12:12; എഫെ. 6:18; ഫിലി. 4:6; കൊലൊ. 4:2; 1 തെസ്സ. 5:17. [2]റോമ. 15:30–32; 2 കൊ. 1:11; എഫെ. 6:19; കൊലൊ. 4:3; 1 തെസ്സ. 5:25; 2 തെസ്സ. 3:1, 2; ഫിലെ. 22. [3]വെളി. 3:2, 3; 16:15 നോക്കുക. [4]2 കൊ. 1:11; എഫെ. 1:16; ഫിലി. 1:3; 4:6; 1 തെസ്സ. 1:2; 5:17; 18; ഫിലെ. 4 നോക്കുക. [5]ഈ വാക്കിന്റെ രൂപഭേദങ്ങൾ മത്തായി 12:29; 13:30; 14:3; 16:19; 18:18; 21:2; 22:13; 27:2; പ്രവൃത്തികൾ 9:2, 14, 21; 12:6; 20:22; 21:11, 13, 33; 22:5, 29; 24:27. [6]പീറ്റർ ടി. ഓ'ബ്രിയെൻ, *കൊലൊഷ്യൻസ്, ഫിലെമോൻ, വേർഡ് ബിബ്ലിക്കൽ കമെന്ററി*, വാല്യം. 44 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 240. [7]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ, ന്യു ടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 182. [8]എച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1893, റീപ്രിന്റ്, 1902), 136. [9]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 200.